പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്റ്റ് കമ്മിറ്റി IX

(SUBJECT COMMITTEE IX)

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

## (2020-21)

## FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS

## (2020-21)

2020 മാർച്ച് 2-ാം തീയതി സമർപ്പിച്ചത്

(Presented on 2nd March, 2020)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2020

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും**
**ഭവന നിർമ്മാണവും**

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2020-21)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2020-21)

281/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. എ. സി. മൊയ്തീൻ,
തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു. കെ. എ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ. ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ. ബി., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽപ്പെടുന്ന 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൻമേലുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശക രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2020 ഫെബ്രുവരി 17, 19 തീയതികളിൽ സമിതി യോഗം ചേർന്ന്, ചുവടെ ചേർത്തിട്ടുള്ള ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച മൂലധന ചെലവ് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | — | ഗ്രാമവികസനം |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ അധിക വിവരങ്ങൾ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്ന് ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി വിവിധ അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥനകളിൻമേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിൽ അധിക തുക വകയിരുത്തുന്നതിനുള്ള സമിതിയുടെ ശിപാർശകൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2020 ഫെബ്രുവരി 26-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 26.

# റിപ്പോർട്ട്

പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ (2019-2021), 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)(i) പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ IX-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ധനാഭ്യർത്ഥനകൾ 2020 ഫെബ്രുവരി 17, 19 തീയതികളിൽ യോഗം ചേർന്ന് സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ സൂക്ഷ്മ പരിശോധനയുടെയും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നടത്തിയ തെളിവെടുപ്പിന്റേയും അടിസ്ഥാനത്തിൽ സമിതി ധനാഭ്യർത്ഥനകൾ വിശകലനം ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. സമിതി അധിക തുക ശിപാർശ ചെയ്തിരിക്കുന്നത് വോട്ട് ചെയ്ത വിഹിതത്തിലാണ്.

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

വോട്ട് ചെയ്തത്- 141,74,09,000 രൂപ

ചാർജ്ജ് ചെയ്തത്-2,01,000 രൂപ

2216-05-053-98-17—(സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്)

വിഹിതം : 1,45,00,000 രൂപ

1. സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-97—(സംരക്ഷണവും അറ്റകുറ്റപ്പണികളും)

വിഹിതം : 20,55,00,000 രൂപ

2. സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 11.35 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95 —(തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും)

01- സംരക്ഷണവും അറ്റകുറ്റപ്പണികളും

02- പ്രത്യേക അറ്റകുറ്റപ്പണികൾ

03- വൈദ്യുത സാമഗ്രികളുടെ സംരക്ഷണം.

വിഹിതം : 1,49,00,000 രൂപ

3. തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി മേൽ ശീർഷകത്തിൽ 1.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-94 —നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

വിഹിതം : 1,60,00,000 രൂപ

4. നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് കരാറുകാരുടെ കടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-99—(നിർമ്മിതി കേന്ദ്രങ്ങൾ)

വിഹിതം : 7,10,00,000 രൂപ (പദ്ധതി)

5. നിർമ്മിതി കേന്ദ്രത്തിന് കീഴിൽ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാസർഗോഡ്, തൃശ്ശൂർ ജില്ലകളിൽ പുതിയ കലവറ ആരംഭിക്കുന്നതിനും കെസ്നിക്കിന്റെ ക്യാമ്പസ് നവീകരണ പ്രവർത്തനങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99-(01)

(01) 36—(സഹായധനം)-ശമ്പളേതരം

വിഹിതം : 85,65,000 രൂപ

6. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-98—(ഉദ്യോഗസ്ഥകളുടെ പാർപ്പിടം 60% കേന്ദ്ര വിഹിതം)

വിഹിതം : 5,63,00,000 രൂപ (പദ്ധതി)

7. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-96—(കടകംപള്ളി റവന്യൂ ടവർ പദ്ധതി)

വിഹിതം : ഇല്ല

8. കടകംപള്ളി റവന്യൂ ടവർ പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതായി സമിതി നിരീക്ഷിച്ചു. നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-700-85—(റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്)

വിഹിതം : ഇല്ല

9. റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിൽ ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII—നഗര വികസനം

വോട്ട് ചെയ്തത് : 23,46,41,76,000 രൂപ

ചാർജ്ജ് ചെയ്തത് : 2,70,000 രൂപ

2217-05-051-98 —(പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം)

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

10. പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലെ തെരഞ്ഞെടുക്കപ്പെട്ട 5 നഗരസഭകൾക്ക് കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ വീതം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-191-77—(ദേശീയ നഗര ഉപജീവന മിഷൻ 60% സി.എസ്.എസ്.)

വിഹിതം : 20,00,00,000 രൂപ

11. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 5.612 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-192-74—ജനറൽ (മുനിസിപ്പാലിറ്റി)

വിഹിതം : 30,00,00,000 രൂപ

12. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 8.419 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-789-97—എസ്.സി.എസ്.പി. (കോർപ്പറേഷൻ)

വിഹിതം : 3,75,00,000 രൂപ (പദ്ധതി)

13. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.0524 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-789-96 —എസ്.സി.എസ്.പി. (മുനിസിപ്പാലിറ്റി)

വിഹിതം : 5,62,50,000 രൂപ

14. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 1.5786 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-796-97 —ടി.എസ്.പി. (മുനിസിപ്പാലിറ്റി)

വിഹിതം : 1,25,00,000 രൂപ (പദ്ധതി)

15. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 35.08 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-796-96 —ടി.എസ്.പി. (മുനിസിപ്പാലിറ്റി)

വിഹിതം : 1,87,50,000 രൂപ

16. സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ നിർവ്വഹണത്തിന് 2020-21 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതമായി 52.62 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99-45 —(പി.ഒ.എൽ.)

വിഹിതം : 1,44,000 രൂപ

17. ഇന്ധന ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-99-05—(ഓഫീസ് ചെലവുകൾ)

2—വൈദ്യുതച്ചെലവ്

വിഹിതം : 2,70,000 രൂപ

18. വൈദ്യുതി ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-95—(കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ)

വിഹിതം : 8,00,000 രൂപ (പദ്ധതി)

19. നിലവിലുള്ള ഡെസ്ക് ടോപ്പുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-92—(നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും)

വിഹിതം : 25,00,000 രൂപ (പദ്ധതി)

20. നിലവിലെ ട്രെയിനിംഗ് ഷെഡ്യൂളിന് വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-001-91—(മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കുള്ള സംഭാവന)

വിഹിതം : ഇല്ല

21. കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ നീക്കിയിരിപ്പ് തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 550 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-003-96—(പുതുതായി രൂപീകരിച്ച നഗരപാലിക സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നവീകരണം നടപ്പാക്കൽ )

വിഹിതം : 30,00,000 രൂപ (പദ്ധതി)

22. പുതുതായി രൂപീകരിച്ച നഗരസഭകളിലെ അക്കൗണ്ടിംഗ് നവീകരണ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുള്ള അക്കൗണ്ട് ഓഫീസർമാരുടെയും ഐ.ടി. ഓഫീസർമാരുടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-76—അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (സംസ്ഥാന പദ്ധതി)

വിഹിതം : 75,00,00,000 രൂപ (പദ്ധതി)

23. ക്ഷീരകർഷകർക്കുള്ള പദ്ധതി PMAY-LIF/AUEGS സംയോജനം, IHHL Scheme/AUEGS സംയോജനം എന്നിവ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ ഈ ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുള്ളതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-62—(ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് കെ.യു.ആർ. ഡി.എഫ്.സി. നൽകേണ്ട പലിശയുള്ള സഹായധനം)

വിഹിതം : 50,00,00,000 രൂപ

24. നഗരമേഖലയിൽ ലൈഫ് മിഷന്റെ രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെട്ട ലൈഫ് പി.എം.എ.വൈ. (അർബൻ) പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4217-60-051-95—സമ്പൂർണ്ണ ഭവനപദ്ധതി - നഗരം (ലൈഫ് പാർപ്പിട മിഷൻ)

വിഹിതം : 187,00,00,000 രൂപ (പദ്ധതി)

25. നഗരമേഖലയിൽ ലൈഫ് മിഷന്റെ മൂന്നാം ഘട്ട പദ്ധതിയായ ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 140 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്യുന്നത് : 3045,59,41,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : 2,000 രൂപ

2225-04-001-99-97—(വാഹനങ്ങളുടെ വാടക)

വിഹിതം : 1,00,000 രൂപ

26. പ്രതിമാസ വാഹന വാടക നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-17—(ചെറുകിട മരാമത്ത് പണികൾ)

വിഹിതം : 1,000 രൂപ

27. പത്തനംതിട്ട, കോഴിക്കോട് കോച്ചിംഗ് സെന്ററുകളുടെ പണികൾക്കായി മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-06—(വാടക, കരം, നികുതി)

വിഹിതം : 18,40,000 രൂപ

28. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പുതിയ ഏഴ് കോച്ചിംഗ് സെന്ററുകളുടെ വാടക നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-02—വേതനം 4 കൺസോളിഡേറ്റഡ് പേ

വിഹിതം : 2,46,15,000 രൂപ

29. ഡയറക്ടറേറ്റിലേയും കോച്ചിംഗ് സെന്ററുകളിലെയും കരാർ ജീവനക്കാർക്ക് ശമ്പളം അനുവദിക്കുന്നതിന് കൺസോളിഡേറ്റഡ് പേയിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 1.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-36—(ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം)

വിഹിതം : 27,66,000 രൂപ

30. ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും, മെമ്പർമാർക്കുള്ള ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ചെലവുകൾ വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 95.44 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-92-34—മറ്റ് ചെലവുകൾ

വിഹിതം : 1,81,44,000 രൂപ

31. 23 സെന്ററുകളിലെയും 29 സബ്സെന്ററുകളിലെയും ഓണറേറിയം, ഉദ്ദ സ്കോളർഷിപ്പ് എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—(കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ) 31 (സഹായധനം-ശമ്പളം)

വിഹിതം : 1,60,59,000 രൂപ

32. ഡി.എ. വർദ്ധനവ്, വാർഷിക ശമ്പള വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 68.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-04-102-99 —(ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലെ മൾട്ടി സെക്യുലർ ഡെവലപ്മെന്റ് പ്രോഗ്രാം)

വിഹിതം : 16,25,00,000 രൂപ

33. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-283-89—(ഭവനരഹിതർക്ക് ഭവനം)

വിഹിതം : 57,20,00,000 രൂപ (പദ്ധതി)

34. 2016-17 സാമ്പത്തിക വർഷം അനുവദിച്ച 6709 വീടുകളിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിനും 2018-19 വർഷത്തെ കാലവർഷക്കെടുതിയിൽ തകർന്ന വീടുകളുടെ നിർമ്മാണം, വകുപ്പ് മുഖേനയുള്ള ഭവന പുനരുദ്ധാരണം എന്നിവയ്ക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 81.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുശിപാർശ**

35. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്ര സഹായപദ്ധതികൾ സമിതി പരിശോധിക്കുകയുണ്ടായി. വിവിധ പദ്ധതികൾക്കായി ആവശ്യാധിഷ്ഠിതമായി അർഹമായ സഹായം യഥാസമയം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ന്യൂനപക്ഷക്ഷേമത്തിനായുള്ള വിവിധ പദ്ധതികളുടെ കാര്യത്തിൽ സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കണമെന്ന് കേന്ദ്രത്തിനോട് ആവശ്യപ്പെടണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

വോട്ട് ചെയ്തത്- 1022,22,75,000 രൂപ

ചാർജ്ജ് ചെയ്തത്-ഇല്ല

2515-00-001-91—(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗം - മേൽനോട്ടം)

വിഹിതം : 11,84,80,000 രൂപ (പദ്ധതി)

36. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് (മേൽനോട്ടം) വിഭാഗം ഓഫീസുകളിലെ സ്ഥലമാറ്റ ബത്ത, അവധി യാത്രാ ആനുകൂല്യം, ഇലക്ട്രിസിറ്റി ചാർജ്ജ്, ട്രെയിനിംഗ് പ്രോഗ്രാം എന്നിവയ്ക്ക് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 7.28 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-86—(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൻ കീഴിലുള്ള ഓഫീസുകളുടെ ആധുനികവൽക്കരണം കമ്പ്യൂട്ടർവത്ക്കരണം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ)

വിഹിതം : 2,25,00,000 രൂപ (പദ്ധതി)

37. ഇ-ഗവേർണൻസിന്റെ ഭാഗമായി എഞ്ചിനീയർമാർക്ക് ടാബ് വാങ്ങുന്നതിനും ഗുണനിലവാര നിർണ്ണയ ലബോറട്ടറികൾ ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുന്നതിനും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിലേയ്ക്കുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-63—(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ) 02-01 (വേജസ്)

വിഹിതം : 1,30,000 രൂപ

38. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 45,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-003-44 —(മണ്ണുത്തി, തളിപ്പറമ്പ്, കൊട്ടാരക്കര എന്നിവിടങ്ങളിലെ കില കേന്ദ്രങ്ങൾ)

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

39. കൊട്ടാരക്കര വികസന കേന്ദ്രത്തിലെ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനും മറ്റ് വികസന പരിശീലന കേന്ദ്രങ്ങൾക്കുമുള്ള റിപ്പയർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-74 —(പ്രധാനമന്ത്രി ഗ്രാമ സഡക് യോജന)

വിഹിതം : 150,00,00,000 രൂപ (കേന്ദ്രവിഹിതം)

100,00,00,000 രൂപ (സംസ്ഥാന വിഹിതം)

40. പി.എം.ജി.എസ്.വൈ. III-ന്റെ ആദ്യഘട്ടത്തിലെ പ്രവൃത്തികൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 120 കോടി രൂപയും സംസ്ഥാന വിഹിതമായി 80 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(03)—(പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള അധിക സംസ്ഥാന വിഹിതം)

വിഹിതം : 30,00,00,000 രൂപ

41. പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള അധികസംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 27.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-97—(പ്രാദേശികമായ മുൻഗണനാ പ്രവൃത്തികൾ)

വിഹിതം : ഇല്ല

42. ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൻ കീഴിൽ പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷം മുതൽ സർക്കാർ നിർത്തലാക്കിയിരുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലും മുൻ വർഷങ്ങളിലും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ബില്ലുകൾ ഇപ്പോഴും ലഭ്യമായികൊണ്ടിരിക്കുന്നതായും സമിതി നിരീക്ഷിക്കുന്നു. 2019-20 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ലെങ്കിലും അധിക ധനാനുമതി മുഖേന 1,45,31,000 രൂപ അനുവദിച്ച് നൽകിയതായും സമിതി നിരീക്ഷിക്കുന്നു. മേൽ പദ്ധതി പ്രകാരമുള്ള, ഭരണാനുമതി ലഭിച്ച നിരവധി നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനാലും നിലവിൽ വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും മേൽ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-96—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി

വിഹിതം : 172,10,00,000 രൂപ

43. എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ബില്ലുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

വോട്ട് ചെയ്തത് - 5366,37,92,000 രൂപ

ചാർജ്ജ് ചെയ്തത് - 10,000 രൂപ

2501-01-196-48—(കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം)

(കേന്ദ്ര വിഹിതം : 7,50,00,000 രൂപ)

(സംസ്ഥാന വിഹിതം : 5,00,00,000 രൂപ)

44. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.40 കോടി രൂപയും കേന്ദ്ര വിഹിതമായി 3.6 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) കേന്ദ്രാവിഷ്കൃത പദ്ധതി

2501-06-197-48(10) (ജനറൽ)

2501-06-789-98(10) (എസ്.സി.പി.)

2501-06-796-98 (ടി.എസ്.പി.)

വിഹിതം : 36,60,00,000 രൂപ (കേന്ദ്ര വിഹിതം)

24,40,00,000 രൂപ (സംസ്ഥാന വിഹിതം)

45. പി.എം.എ.വൈ. (ജി) ഭവന പദ്ധതിപ്രകാരം അനുവദിച്ചിട്ടില്ലാത്ത വീടുകൾ ആവാസ് പ്ലസിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 96.86 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-37—[പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ)
വാട്ടർഷെഡ് കമ്പോണന്റ്]

വിഹിതം : 15,00,00,000 രൂപ (കേന്ദ്ര വിഹിതം)

10,00,00,000 രൂപ (സംസ്ഥാന വിഹിതം)

46. അടുത്ത സാമ്പത്തിക വർഷം മുതൽ കേന്ദ്രസർക്കാർ പുതിയ പദ്ധതികൾ അനുവദിക്കുന്നതിനാലും നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം ഗഡുതുക ഇനിയും ലഭ്യമായിട്ടില്ലാത്തതിനാലും നിലവിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 6 കോടി രൂപയും കേന്ദ്രവിഹിതം 9 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-35—(നാഷണൽ റർബൻ മിഷൻ )
(എൻ.ആർ.യു.എം.)

വിഹിതം : 30,00,00,000 രൂപ (കേന്ദ്ര വിഹിതം)

: 20,00,00,000 രൂപ (സംസ്ഥാന വിഹിതം)

47. നാഷണൽ റർബൻ മിഷന്റെ 3 ഘട്ടങ്ങളിലായുള്ള പദ്ധതികൾ 2020-21 സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 105 കോടി രൂപയും സംസ്ഥാന വിഹിതമായി 70 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-30—(ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ
ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള
ധനസഹായം)

വിഹിതം : 160,00,00,000 രൂപ (പദ്ധതി)

48. ഗ്രാമീണ മേഖലയിൽ ഹഡ്കോയിൽനിന്ന് അനുവദിച്ചിട്ടുള്ള വായ്പ തുകയുടെ പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-197-36-01—(പുതിയതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട
നിർമ്മാണം)

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

49. 2020-21 സാമ്പത്തിക വർഷത്തിൽ കല്ല്യാശ്ശേരി, പനമരം, കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-800-48—(കുടുംബശ്രീ)

വിഹിതം : 200,00,00,000 രൂപ (പദ്ധതി)

50. 2016-17-ലെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ മൂന്ന് ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്കാണ് 4% പലിശ സബ്സിഡി നൽകിയിരുന്നത്. അർഹരായവർക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ മുഴുവൻ പലിശ സബ്സിഡിയും നൽകുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 58 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-102-49 —[സമ്പൂർണ്ണ ഭവനപദ്ധതി - ഗ്രാമം (ലൈഫ് പാർപ്പിട മിഷൻ)]

വിഹിതം : 410,41,00,000 രൂപ (പദ്ധതി)

51. 2020-21 സാമ്പത്തിക വർഷത്തിൽ ഭൂരഹിത ഭവന രഹിതരിൽ എസ്.സി./എസ്.ടി., ഫിഷറീസ് വിഭാഗമൊഴികെയുള്ള ഭൂമി അർഹിക്കുന്ന ഭൂരഹിത ഗുണഭോക്താക്കൾക്ക് പുതുതായി വീടുകൾ നൽകുന്നതിന് ഏകദേശം 167 കോടി രൂപയും ഭൂരഹിതർക്കുള്ള ഭവന സമുച്ചയ നിർമ്മാണത്തിന് 613 കോടി രൂപയും ആവശ്യമുള്ളതായി സമിതി നിരീക്ഷിക്കുന്നു. കൂടാതെ ലൈഫ് മിഷൻ ചെലവുകൾക്കായി 11 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷത്തിൽ ആവശ്യമാണ്. ആയതിനാൽ പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണത്തിനായി മേൽ ശീർഷകത്തിൽ 380 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-103-97—(മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)

(മെറ്റീരിയൽ ചെലവ്)

(90% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം : 687,75,00,000 രൂപ (കേന്ദ്രവിഹിതം) പദ്ധതി

: 229,25,00,000 രൂപ (സംസ്ഥാന വിഹിതം) പദ്ധതി

52. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന 2020-21 സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് പ്രകാരം സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ആകെ ചെലവിന്റെ 35 ശതമാനം പ്രതീക്ഷിക്കുന്നതിനാൽ മേൽ പദ്ധതിക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 62.59 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 26.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.